**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **03-03-2025 - ൽ മറുപടിയ്ക്ക്**

**പെരിയ ഇരട്ട കൊലപാതക കേസ് പ്രതികളുടെ പരോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പെരിയ ഇരട്ട കൊലപാതക കേസ് പ്രതികൾക്ക് പരോൾ നൽകാൻ തീരുമാനമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | പെരിയ ഇരട്ട കൊലപാതക കേസ് പ്രതികൾ സമർപ്പിച്ച പരോൾ അപേക്ഷയിലെ നടപടിക്രമങ്ങളുടെ ഭാഗമായി ബേക്കൽ എസ്.എച്ച്.ഒ.-യിൽ നിന്ന് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2014ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397(എ) പ്രകാരം ഒരു വർഷവും അതിലധികവും കാലത്തേയ്ക്ക് ശിക്ഷ വിധിയ്ക്കപ്പെട്ട സത്സ്വഭാവികളായ തടവുകാർക്ക് ആകെ ശിക്ഷയുടെ മൂന്നിൽ ഒരു ഭാഗമോ രണ്ടു വർഷമോ ഏതാണോ കുറവ് അത്രയും അനുഭവിച്ചിട്ടുണ്ടെങ്കിൽ സാധാരണ അവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രസ്തുത ചട്ടങ്ങളിലെ 397 (ജി) പ്രകാരം അവധിയ്ക്കുള്ള അർഹത കണക്കുകൂട്ടുമ്പോൾ തടവുകാരൻ ജുഡിഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞിരുന്ന കാലം അവധി അനുവദിയ്ക്കാനുള്ള അർഹതയ്ക്കുള്ള ശിക്ഷാ കാലമായി കണക്കാക്കേണ്ട താണ്. പെരിയ ഇരട്ടക്കൊലക്കേസിൽ ഉൾപ്പെട്ടിട്ടുള്ള C No. 22/25 സുബീഷ് S/o ഗംഗാധരൻ, C No. 25/25 സുരേന്ദ്രൻ S / o കണ്ണൻ എന്നീ അന്തേവാസികൾ സാധാരണ അവധിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇരുവരെയും ജീവപര്യന്തം തടവിനും പിഴയൊടുക്കുവാനുമാണ് ശിക്ഷിച്ചിട്ടുള്ളത്. ക്രിമിനൽ നടപടിക്രമം 428ലെ വ്യവസ്ഥ അനുസരിച്ച് C No. 22/25 സുബീഷ് S/o ഗംഗാധരൻ 2059 ദിവസത്തെ റിമാന്റ് സെറ്റ് ഓഫ് ഉൾപ്പെടെ 2110 ദിവസവും C No. 25/25 സുരേന്ദ്രൻ S/o കണ്ണൻ 1129 ദിവസത്തെ റിമാന്റ് സെറ്റ് ഓഫ് ഉൾപ്പെടെ 1210 ദിവസവും ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം അവധി ആനുകൂല്യത്തിന് അർഹത നേടിയ അന്തേവാസികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി ക്രമങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട പോലീസ്, |

| | | | |
|---|---|---|---|
| | | | പ്രൊബേഷൻ അധികാരികളുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസിലെ പ്രതികൾക്ക് പരോൾ നൽകാനുള്ള തീരുമാനം സമൂഹത്തിൽ ഉണ്ടാക്കുന്ന തെറ്റായ സന്ദേശം സർക്കാർ ഗൗരവത്തിൽ എടുക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ അവധിയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ അനുസരിച്ചാണ് തടവുകാർക്ക് അവധി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ